പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭ ചോദ്യം നം: 3038

20/6/2014 ൽ
മറുപടിക്ക്

## കലാസാഹിത്യരംഗങ്ങളിലേർപ്പെടുത്തിയിട്ടുള്ള പുരസ്കാരങ്ങൾ

ചോദ്യം

ശ്രീ. മുല്ലക്കര രത്നാകരൻ

മറുപടി

ശ്രീ. കെ.സി. ജോസഫ്
(ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി)

(എ) സംസ്ഥാന സർക്കാരിന്റെ ആഭി മുഖ്യത്തിൽ കലാസാഹിത്യ രംഗങ്ങളിലെ വിശിഷ്ട സംഭാ വനകൾക്ക് ഏർപ്പെടുത്തിയി ട്ടുള്ള പുരസ്ക്കാരങ്ങൾ ഏതെ ല്ലാമാണ് ; വിശദാംശങ്ങൾ നൽകുമോ?

(എ) സംസ്ഥാന സർക്കാരിന്റെ ആഭിമുഖ്യത്തിൽ കലാസാ ഹിത്യ രംഗങ്ങളിലെ വിശിഷ്ട സംഭാവനകൾക്ക് ഏർപ്പെടുത്തിയിട്ടുള്ള പുരസ്ക്കാരങ്ങൾ താഴെ പറയുന്നു.

1. മികച്ച കഥകളി കലാകാരന്മാർക്ക് സംസ്ഥാന കഥകളി പുരസ്കാരം,

2. വാദ്യകലാകാരന്മാർക്ക് പല്ലാവൂർ അപ്പുമാരാർ പുരസ്കാരം,

3. പാരമ്പര്യ നൃത്തനാട്യ കലാകാരന്മാർക്ക് കേരളീയ നൃത്ത-നാട്യ പുരസ്കാരം.

3. ദക്ഷിണേന്ത്യൻ-ഹിന്ദുസ്ഥാനി സംഗീതത്തിന് സമഗ്ര സംഭാവനകൾ നല്കിയ കലാകാരന്മാർക്ക് സ്വാതി സംഗീത പുരസ്കാരം.

4. നാടകരംഗത്തെ സമഗ്ര സംഭാവനകൾക്ക് എസ്.എൽ.പുരം സദാനന്ദൻ പുരസ്കാരം.

5. മലയാള ഭാഷയ്ക്കും സാഹിത്യത്തിനും മികച്ച സംഭാവനകൾ നല്കിയ എഴുത്തുകാർക്ക് എഴുത്തച്ഛൻ പുരസ്കാരം.

6. നാടൻ കലാരംഗത്തെ സമഗ്ര സംഭാവനകൾക്ക് പി.കെ.കാളൻ പുരസ്കാരം.

7. കേരളീയ ചിത്രകലയ്ക്ക് വിലപ്പെട്ട സംഭാവനകൾ നല്കിയ ചിത്ര-ശില്പകലാ രംഗത്തെ കലാകാര ന്മാർക്ക് രാജാരവിവർമ്മ പുരസ്കാരം

സെക്ഷൻ ഓഫീസർ